**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1219

08.02.2013-ൽ
മറുപടി നൽകേണ്ടത്

**ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കൽ**

| **ചോദ്യം** | **മറുപടി** |
| --- | --- |
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.അടൂർ പ്രകാശ് ( റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 1999 ലെ ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കൽ നിയമം എന്നു മുതലാണു പ്രാബല്യത്തിൽ വന്നതെന്നു വ്യക്തമാക്കുമോ; | (എ)24.01.1986 മുതൽ |
| (ബി) പ്രസ്തുത നിയമ പ്രകാരം ഓരോ ജില്ലയിലും എത്ര ഹെക്ടർ ഭൂമി ആദിവാസികൾക്കു തിരികെ നൽകുന്നതിനായി ഗവൺമെന്റ് ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ; | (ബി)പ്രസ്തുത നിയമ പ്രകാരം ആദിവാസികളിൽ നിന്നും അന്യാധീനപ്പെട്ട 6.6806 ഹെക്ടർ ഭൂമി (16.50 ഏക്കർ) പാലക്കാട് ജില്ലയിൽ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. മറ്റു ജില്ലകളിലൊന്നും ഇത്തരത്തിൽ ഭൂമി ഏറ്റെടുത്തിട്ടില്ല. |
| (സി) ഇങ്ങനെ ഏറ്റെടുത്ത ആദിവാസികളുടെ ഭൂമി ആദിവാസി ജനവിഭാഗങ്ങൾക്ക് തിരികെ നൽകുവാൻ എന്തു നടപടിയാണു സ്വീകരിച്ചതെന്നു വ്യക്തമാക്കുമോ; | (സി)ഇങ്ങനെ ഏറ്റെടുത്തിട്ടുള്ള മുഴുവൻ ഭൂമിയും ആദിവാസികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) ഇങ്ങനെ ഏറ്റെടുത്ത എത്ര ഹെക്ടർ ഭൂമി ആദിവാസി ജനവിഭാഗങ്ങൾക്ക് ഓരോ ജില്ലയിലും തിരികെ നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ? | (ഡി)1999-ലെ കേരള പട്ടിക വർഗ്ഗ (ഭൂമി കൈമാറ്റ നിയന്ത്രണവും പുനരവകാശ സ്ഥാപനവും) ആക്ടിന്റെ അടിസ്ഥാനത്തിൽ ആദിവാസികളിൽ നിന്നും അന്യാധീനപ്പെട്ട 6.6806 ഹെക്ടർ ഭൂമി പാലക്കാട് ജില്ലയിൽ സർക്കാർ ഏറ്റെടുത്ത് തിരികെ നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിലൊന്നും ഇത്തരത്തിൽ ഭൂമി ഏറ്റെടുത്ത് തിരികെ നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ